**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **26-07-2021 - ൽ മറുപടിയ്ക്ക്**

**2019-ലെ പ്രളയബാധിതർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാത്തത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ സ്ഥലമോ വീടോ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട എത്ര ആളുകൾക്കാണ്നിലമ്പൂർ താലൂക്കിൽ ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ളതെന്ന് അറിയിക്കാമോ; ഇവരുടെ പട്ടികയും നൽകാനുള്ള തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | 2019 ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. അതിൽ 282 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് സർക്കാർ ധനസഹായമായ 6 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാൽ വീടും സ്ഥലവും വാങ്ങുവാൻ അനുവദനീയമായ 10 ലക്ഷം രൂപ വിതരണം ചെയ്യാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. അവർക്കുള്ള ധനസഹായ വിതരണം പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രളയ നഷ്ടപരിഹാരത്തുകയുടെ ഗഡുക്കൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി ബന്ധപ്പെടേണ്ട ഓഫീസുകളുടെയും ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പറടക്കമുള്ള വിവരങ്ങൾ അറിയിക്കാമോ; | (ബി) | 2019 ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. ഇവർക്കുള്ള ധനസഹായ വിതരണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളതും, ആയത് മാനദണ്ഡങ്ങൾ പ്രകാരം വിതരണം നടത്തി വരുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ നിലമ്പൂർ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ നിലമ്പൂർ താലൂക്ക് ഓഫീസ് 04931 - 221471 മൊബൈൽ 8547615900 (തഹസിൽദാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ) |
| (സി) | 2019-ലെ പ്രളയ നഷ്ടപരിഹാരത്തുക ഇനിയും ലഭിക്കാത്ത അർഹരായവരെ ഉൾപ്പെടുത്തി താലൂക്ക് തല അദാലത്ത് നടത്തുന്നതിന് (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) നടപടി സ്വീകരിക്കാമോ; | (സി) | ആവശ്യമുള്ള പക്ഷം അദാലത്ത് നടത്തുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ഡി) | പ്രളയ നഷ്ടപരിഹാരത്തിന് സജ്ജമാക്കിയിരുന്ന സോഫ്റ്റ്‌വെയറിൽ നിലവിൽ | (ഡി) | 2019-ലെ പ്രളയ ബാധിതർക്ക് വീടിന്റെ നഷ്ടപരിഹാരം Information Kerala Mission |

| | | | |
|---|---|---|---|
| | പ്രവേശിക്കാനാകാത്തതാണ് സങ്കേതിക പ്രശ്നമെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കാമോ; ഈ സോഫ്റ്റ്‌വെയർ നിശ്ചിത സമയത്തേക്ക് ഓപ്പൺ ആക്കുന്നതിന് നിർദ്ദേശം നൽകാമോ? | | വികസിപ്പിച്ചെടുത്ത rebuild.lsgkerala.gov.in എന്ന സോഫ്റ്റ് വെയർ മുഖാന്തിരമാണ് നടപ്പിലാക്കിയത്. എന്നാൽ പ്രസ്തുത സോഫ്റ്റ് വെയറിൽ പ്രവേശിക്കാനാകാത്ത സാഹചര്യത്തിൽ സോഫ്റ്റ് വെയർ മുഖാന്തിരം അല്ലാതെ നേരിട്ട് ഡാറ്റാ എൻട്രി വരുത്തി സാങ്കേതിക പ്രശ്നം പരിഹരിച്ച് നഷ്ടപരിഹാരം നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | വില്ലേജിന്റെ പേര് |
|---|---|---|
| 1 | സുരേഷ്, S/O മാതി, ചോലാടി ഹൗസ് | പോത്തുകല്ല് |
| 2 | അയ്യപ്പൻ, വടക്കേപ്പുറം ഹൗസ് | പോത്തുകല്ല് |
| 3 | കൃഷ്ണൻ, അത്തിമുക്കം ഹൗസ് | പോത്തുകല്ല് |
| 4 | മുഹമ്മദ് ബഷീർ, വടക്കേപ്പുറം ഹൗസ് | പോത്തുകല്ല് |
| 5 | ഉസ്മാൻ, ചോലപ്ര വീട് | കുറുമ്പലങ്ങോട് |
| 6 | രാധാമണി, സൂര്യമംഗലത്ത് ഹൗസ് | കുറുമ്പലങ്ങോട് |
| 7 | ചാമി, S/O കോലൻ, കുറുമ്പലങ്ങോട് | കുറുമ്പലങ്ങോട് |
| 8 | ജ്യോതി, പെന്നനാത്ത് ഹൗസ് | പോത്തുകല്ല് |
| 9 | സിദ്ധിഖ്, പുലിവെട്ടി ഹൗസ് | വഴിക്കടവ് |
| 10 | പ്രഭാവതി അമ്മ, ജയ നിവാസ് | പോത്തുകല്ല് |
| 11 | അനീഷ്, എടത്തിപറമ്പിൽ ഹൗസ് | പോത്തുകല്ല് |
| 12 | ഉമ്മർ, പുഴക്കാതൊടിക ഹൗസ് | വഴിക്കടവ് |
| 13 | സൈതലവി, പുഴക്കാതൊടിക ഹൗസ് | വഴിക്കടവ് |
| 14 . | പറങ്ങോടൻ, ചെറുവത്ത് വീട് | വഴിക്കടവ് |
| 15 | രാജീവ്, എടത്തിലൻ വീട് | വഴിക്കടവ് |
| 16 | ജമീല, കുമ്പളകുഴിയൻ ഹൗസ് | വഴിക്കടവ് |
| 17 | ഭാസ്ക്കരൻ & വിജയകുമാരി, മൂത്തേടത്ത് ഹൗസ് | വഴിക്കടവ് |
| 18 | അബ്ദുസലാം, ഞെണ്ടുകാണി ഹൗസ് | വഴിക്കടവ് |
| 19 | നൗഷാദ്, പള്ളിത്തൊടിക ഹൗസ് | വഴിക്കടവ് |
| 20 | അബ്ദു, മഠത്തൊടിക ഹൗസ് | കുറുമ്പലങ്ങോട് |
| 21 | മാജിദ, മറ്റത്ത് വീട് | കുറുമ്പലങ്ങോട് |
| 22 | അബൂബക്കർ, S/O മൂസക്കുട്ടി, കൊടക്കാടൻ ഹൗസ് | കുറുമ്പലങ്ങോട് |
| 23 | വീരാൻകുട്ടി, S/O ഇബ്രാഹിം, പാമ്പിൻകാവിൽ ഹൗസ് | കുറുമ്പലങ്ങോട് |
| 24 | ബിനോയ്, S/O പൈലി, വിരുതാനത്ത് ഹൗസ് | കുറുമ്പലങ്ങോട് |
| 25 | സന്തോഷ്കുമാർ, പുൽപ്പാറയിൽ ഹൗസ് | കുറുമ്പലങ്ങോട് |
| 26 | വിശ്വംഭരൻ, പുത്തൻപുരയ്ക്കൽ ഹൗസ് | കുറുമ്പലങ്ങോട് |
| 27 | ഇബ്രാഹിം ലബ്ബ, പനച്ചിപറമ്പിൽ ഹൗസ് | കുറുമ്പലങ്ങോട് |
| 28 | അരവിന്ദാക്ഷൻ, S/O ഭാസ്ക്കരൻ, കുന്നംകുളം വീട് | പോത്തുകല്ല് |
| 29 | യശോദ, കിടങ്ങിൽ വീട് | പോത്തുകല്ല് |
| 30 | ചന്ദ്രിക, W/O കൃഷ്ണൻ, മണ്ണേൻ വീട് | പോത്തുകല്ല് |
| 31 | ബാബു, S/O ചക്കി, പടുക്കയിൽ ഹൗസ് | പോത്തുകല്ല് |
| 32 | ഗോപിനാഥൻ, S/O ഭാസ്ക്കരൻ, ചരുവിളപുത്തൻ വീട് | പോത്തുകല്ല് |
| 33 | ജോസഫ്, കാഞ്ഞിരമൂട്ടിൽ ഹൗസ് | പോത്തുകല്ല് |
| 34 | കണ്ണൻ, S/O സത്യൻ, പാലക്കൽ വീട് | പോത്തുകല്ല് |
| 35 | ശാന്ത, W/O ശിവൻ, പ്ലാമൂട്ടിൽ വീട് | പോത്തുകല്ല് |
| 36 | സുധാകരൻ, S/O ശിവൻ, പ്ലാമൂട്ടിൽ വീട് | പോത്തുകല്ല് |
| 37 | സുകുമാരൻ, S/O രാഘവൻ, പുത്തൻപുരയ്ക്കൽ വീട് | പോത്തുകല്ല് |
| 38 | സഫിയ, അരിമ്പ്രക്കുന്നൻ ഹൗസ് | കുറുമ്പലങ്ങോട് |
| 39 | സുരേഷ്, വാക്കയിൽ ഹൗസ് | പോത്തുകല്ല് |
| 40 | ഇല്ല്യാസ്, കാരപ്പൻഞ്ചേരി ഹൗസ് | പോത്തുകല്ല് |